REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-05-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഈ മാസം ഏഴിന് മൂന്നാംഘട്ട വോട്ടെടുപ്പ് നടക്കുന്ന ലോക്സഭാ മണ്ഡലങ്ങളിൽ പ്രചാരണം ശക്തമാക്കി ദേശീയ നേതാക്കൾ.
- ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒന്നും രണ്ടും ഘട്ടങ്ങളിലെ അന്തിമ വോട്ടിംഗ് ശതമാനം തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ചു.
- ഉഷ്ണ തരംഗ സാധ്യത കണക്കിലെടുത്ത് ഇന്ന് പാലക്കാട് ജില്ലയിൽ ഓറഞ്ച് ജാഗ്രതയും ആലപ്പുഴ, തൃശൂർ, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു.
- വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയ ക്രമീകരണം ഈ മാസം 15 വരെ നീട്ടിയതായി മന്ത്രി V.ശിവൻകുട്ടി.
- ഇന്ന് സാർവദേശീയ തൊഴിലാളി ദിനം.
- IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, മുംബൈ ഇന്ത്യൻസിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

## വാർത്തകൾ വിശദമായി

ലോക്സഭാ തെരഞ്ഞെടുപ്പിൽ മൂന്നാംഘട്ട വോട്ടെടുപ്പ് നടക്കുന്ന മണ്ഡലങ്ങളിൽ പ്രചാരണം ശക്തമാക്കി നേതാക്കൾ. മണ്ഡലങ്ങളിൽ റോഡ്ഷോകളും ഒന്നിലധികം റാലികളും നടത്തിയാണ് ദേശീയ നേതാക്കളും

സ്ഥാനാർത്ഥികളും പ്രചാരണത്തിന് നേതൃത്വം നൽകുന്നത്. 10 സംസ്ഥാനങ്ങളിലും ഒരു കേന്ദ്രഭരണ പ്രദേശത്തുമായി 93 മണ്ഡലങ്ങളിൽ ഈ മാസം 7 നാണ് വോട്ടെടുപ്പ്.

ന്യൂസ് ഡസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

വോയ്സ്

പട്ടിക ജാതിക്കാരുടെയും പട്ടിക വർഗ്ഗക്കാരുടെയും മറ്റു പിന്നാക്ക വിഭാഗങ്ങളുടെയും ഭരണഘടനാ അവകാശങ്ങൾ താൻ ജീവിച്ചിരിക്കുന്ന കാലം സാമുദായിക അടിസ്ഥാനത്തിൽ മറ്റ് വിഭാഗങ്ങൾക്ക് നൽകാൻ അനുവദിക്കില്ലെന്ന് തെലങ്കാനയിലെ സഹീറാബാദിൽ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യവെ പ്രധാനമന്ത്രിയും മുതിർന്ന BJP നേതാവുമായ നരേന്ദ്രമോദി പറഞ്ഞു. രാജ്യത്തിന്റെ ഭരണഘടന തന്റെ മതഗ്രന്ഥമാണെന്നും എല്ലാ അവസരങ്ങളിലും അതിനോട് ആദരം പുലർത്തിയിട്ടുണ്ടെന്നും മോദി പറഞ്ഞു.

ഭരണഘടന സംരക്ഷിക്കാനാണ് കോൺഗ്രസ് പോരാടുന്നതെന്ന് പാർട്ടി അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ വ്യക്തമാക്കി. ഛത്തീസ്ഗഡിൽ തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ കോൺഗ്രസ് ഗവൺമെന്റുകൾ വ്യത്യസ്ത ക്ഷേമ പദ്ധതികളിലൂടെ യുവാക്കൾക്കും വനിതകൾക്കും കർഷകർക്കും പിന്നാക്ക വിഭാഗങ്ങൾക്കും നീതി ലഭ്യമാക്കാൻ പ്രവർത്തിച്ചുവെന്ന് ഖാർഗെ പറഞ്ഞു.

അഹമ്മദാബാദിൽ BJP തെരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്ത പാർട്ടി നേതാവ് അമിത്ഷാ, വീണ്ടും അധികാരത്തിൽ വന്നാൽ രാജ്യത്തു നിന്ന് രണ്ടു വർഷത്തിനകം നക്സലിസം തുടച്ചു നീക്കുമെന്ന് അറിയിച്ചു. കോൺഗ്രസ് അധികാരത്തിൽ വന്നാൽ വനിതകൾക്കും യുവാക്കൾക്കുമായി സാമ്പത്തിക സഹായ പദ്ധതികൾ നടപ്പാക്കുമെന്ന് പാർട്ടി നേതാവ് രാഹുൽഗാന്ധി മധ്യപ്രദേശിൽ തെരഞ്ഞെടുപ്പ് റാലിയിൽ പറഞ്ഞു.

✪✪✪

കേന്ദ്രഭരണ പ്രദേശമായ ജമ്മു കശ്മീരിലെ അനന്ത്നാഗ്-രജൗരി പാർലമെന്റ് മണ്ഡലത്തിലെ വോട്ടെടുപ്പ് തെരഞ്ഞെടുപ്പ് കമ്മീഷൻ ഈ മാസം 25 ലേക്ക് മാറ്റി. ഈ മാസം ഏഴിന് മൂന്നാം ഘട്ടത്തിൽ നടത്താനിരുന്ന വോട്ടെടുപ്പാണ് ആറാം ഘട്ടത്തിലേക്ക് മാറ്റിയത്.

വിവിധ ലോജിസ്റ്റിക്, കമ്മ്യൂണിക്കേഷൻ, കണക്റ്റിവിറ്റിയുടെ സ്വാഭാവിക തടസ്സങ്ങൾ എന്നിവ പ്രചാരണത്തിന് തടസ്സമായി മാറുന്നുവെന്നും സ്ഥാനാർത്ഥികൾക്ക് പ്രചാരണത്തിന് മതിയായ അവസരം ലഭ്യ്ക്കുന്നില്ലെന്നും വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്ന് പരാതി ലഭിച്ച സാഹചര്യത്തിലാണ് തീരുമാനമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിൽ ഒന്നും രണ്ടും ഘട്ടങ്ങളിലെ അന്തിമ വോട്ടിംഗ് ശതമാനം തെരഞ്ഞെടുപ്പ് കമ്മീഷൻ

പ്രസിദ്ധീകരിച്ചു. ഒന്നാം ഘട്ടത്തിൽ 66.14 ശതമാനവും രണ്ടാം ഘട്ടത്തിൽ 66.71 ശതമാനവും പോളിങ് രേഖപ്പെടുത്തിയതായി കമ്മീഷൻ അറിയിച്ചു. രണ്ടാം ഘട്ടത്തിൽ വോട്ടെടുപ്പ് നടന്ന കേരളത്തിൽ 71.27ശതമാനമാണ്  പോളിങ്.

ആദ്യ ഘട്ടത്തിൽ 66.22 ശതമാനം പുരുഷൻമാരും 66.07 ശതമാനം സ്ത്രീകളും 31.32 ശതമാനം ട്രാൻസ് ജെൻഡേഴ്സും വോട്ട് രേഖപ്പെടുത്തി.

രണ്ടാം ഘട്ടത്തിൽ 66.99 ശതമാനം പുരുഷൻമാരും 66.42 ശതമാനം സ്ത്രീകളും 23.86 ശതമാനം ട്രാൻസ് ജെൻഡേഴ്സും ആണ് വോട്ട് രേഖപ്പെടുത്തിയത്.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ മലപ്പുറം മണ്ഡലത്തിൽ 7,405 ഉം പൊന്നാനി മണ്ഡലത്തിൽ 7,180 ഉം പോസ്റ്റൽ വോട്ടുകൾ രേഖപ്പെടുത്തി. ഇതോടെ മലപ്പുറത്തെ പോളിങ് ശതമാനം 73.4 ഉം പൊന്നാനിയിലെ പോളിംഗ് ശതമാനം 69.7 ഉം ആയി.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിനു നാല് സ്ഥാനാർത്ഥികളുടെ പട്ടിക കൂടി കോൺഗ്രസ് പുറത്തിറക്കി. ഹരിയാനയിലെ ഗുഡ്ഗാവിൽ നടൻ രാജ് ബബ്ബാറും ഹിമാചൽ പ്രദേശിലെ കാൻഗ്രയിൽ മുൻ കേന്ദ്രമന്ത്രി ആനന്ദ് ശർമ്മയും മത്സരിക്കും.

അതേസമയം അമേഠിയിലേയും റായ്ബറേലിയിലേയും സ്ഥാനാർഥികളുടെ പേരുകൾ പട്ടികയിൽ ഇല്ല.

✪✪✪

പ്രചാരണ ഗാനത്തിൽ മാറ്റങ്ങൾ വരുത്തണമെന്ന ഡൽഹി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസറുടെ നിർദ്ദേശത്തിനെതിരെ ആം ആദ്മി പാർട്ടി തിരഞ്ഞെടുപ്പ് കമ്മീഷനെ സമീപിച്ചു.

അതിഷി, സൗരഭ് ഭരദ്വാജ്, ദിലീപ് പാണ്ഡെ, പങ്കജ് ഗുപ്ത എന്നിവരടങ്ങുന്ന AAP പ്രതിനിധി സംഘമാണ് കമ്മീഷനെ കണ്ടത്. മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അറസ്റ്റുമായി ബന്ധപ്പെട്ട പ്രചാരണ ഗാനത്തിൽ സിഇഒയുടെ നടപടിയിൽ കൂടിക്കാഴ്ച്ചയിൽ എതിർപ്പ് പ്രകടിപ്പിച്ചതായി അതിഷി പിന്നീട് മാധ്യമങ്ങളോട് പറഞ്ഞു. ഡൽഹിയിൽ BJP പതിച്ച ആക്ഷേപകരമായ പോസ്റ്ററുകളുടെ വിഷയവും ഉന്നയിച്ചതായി AAP നേതാവ് സൗരഭ് ഭരദ്വാജ് പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് കടുത്ത ചൂട് തുടരുന്നു. ഉഷ്ണ തരംഗ സാധ്യത കണക്കിലെടുത്ത് ഇന്ന് പാലക്കാട് ജില്ലയിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും ആലപ്പുഴ, തൃശൂർ, കോഴിക്കോട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കൊല്ലത്തും ഉഷ്ണതരംഗ സാധ്യതാ മുന്നറിയിപ്പുണ്ട്.

അതേസമയം, കേരളത്തിൽ ശനിയാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

✪✪✪

സംസ്ഥാനത്ത് ഉഷ്ണ തരംഗ സാധ്യത നിലനിൽക്കുകയും പകൽ താപനില ക്രമാതീതമായി ഉയരുകയും ചെയ്യുന്ന സാഹചര്യത്തിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയക്രമീകരണം ഈ മാസം 15 വരെ നീട്ടിയതായി മന്ത്രി V.ശിവൻകുട്ടി അറിയിച്ചു. ഉച്ചക്ക് 12 മുതൽ വെകിട്ട് മൂന്ന് വരെ തൊഴിലാളികൾ വെയിലത്ത് പണിയെടുക്കുന്നത് കണ്ടെത്തിയാൽ തൊഴിലുടമക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു. സംസ്ഥാനത്ത് മുഴുവൻ തൊഴിലിടങ്ങളിലും കർശന പരിശോധന നടത്തുന്നതിനു നടപടികൾ സ്വീകരിക്കാൻ ലേബർ കമ്മിഷണർ അർജുൻ പാണ്ഡ്യന് മന്ത്രി നിർദ്ദേശം നൽകി.

✪✪✪

ഇന്ന് സാർവദേശീയ തൊഴിലാളി ദിനം. തൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുത്തതിന്റെ ദീപ്ത സ്മരണയ്ക്കായാണ് മെയ് ഒന്ന് ലോക തൊഴിലാളി ദിനമായി ആചരിക്കുന്നത്.

ഡസ്ക്ക് റിപ്പോർട്ട്

വോയ്സ്

എട്ട് മണിക്കൂർ ജോലി, എട്ട് മണിക്കൂർ വിനോദം, എട്ട് മണിക്കൂർ വിശ്രമം എന്നീ ആവശ്യങ്ങൾ ഉന്നയിച്ച്

അമേരിക്കയിലെ ചിക്കാഗോയിലും കാനഡയിലും നടന്ന തൊഴിലാളി പണിമുടക്കിന്റെ ഓർമ പുതുക്കിയാണ് മെയ് ദിനം ആചരിക്കുന്നത്. പതിനായിരക്കണക്കിന് തൊഴിലാളികൾ പങ്കെടുത്ത പണിമുടക്കിന്റെ നാലാം ദിവസം പ്രതിഷേധവും ഏറ്റുമുട്ടലും രൂക്ഷമായപ്പോൾ വെടിവെയ്പ്പിൽ ആറ് തൊഴിലാളികളും ഏഴ് പൊലീസുകാരും കൊല്ലപ്പെട്ടു. പണിമുടക്കിന് നേതൃത്വം നൽകിയ ഏഴ് തൊഴിലാളികളെ 1887 നവംബർ 11-ന് പരസ്യമായി തൂക്കിലേറ്റി.

1904-ൽ ആംസ്റ്റർഡാമിൽ നടന്ന അന്താരാഷ്ട്ര സോഷ്യലിസ്റ്റ് കോൺഫറൻസിന്റെ വാർഷിക യോഗത്തിലാണ്, എട്ടുമണിക്കൂർ ജോലിസമയമാക്കിയതിന്റെ വാർഷികമായി മെയ് ഒന്ന് തൊഴിലാളി ദിനമായി കൊണ്ടാടുവാൻ തീരുമാനിച്ചത്.

ദിനാചരണത്തോടനുബന്ധിച്ചു രാജ്യത്ത് ഒട്ടേറെ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തും റാലികളും പൊതുയോഗങ്ങളും നടക്കും.

ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും. ജനങ്ങൾക്ക് മേയ് ദിനാശംസ നേർന്നു.

✪✪✪

IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, മുംബൈ ഇന്ത്യൻസിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി. ലഖ്നൗവിൽ മുംബൈ ഉയർത്തിയ 145 റൺസ് വിജയലക്ഷ്യം 19.2 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ ലഖ്നൗ മറികടന്നു.

ഇന്ന് ചെന്നൈ സൂപ്പർ കിങ്സ്, പഞ്ചാബ് കിങ്സിനെ നേരിടും. വൈകീട്ട് ഏഴരയ്ക്ക് ചെന്നൈയിലാണ് മത്സരം.

✪✪✪

രണ്ടാം ട്വന്റി-20 വനിതാ ക്രിക്കറ്റിൽ ഇന്ത്യ, ആതിഥേയരായ ബംഗ്ലാദേശിനെ 19 റൺസിന് തോൽപ്പിച്ചു.

സിൽഹെറ്റിൽ ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ്, 119 റൺസെടുക്കുന്നതിനിടെ പുറത്തായി. മറുപടി ബാറ്റിങ്ങിൽ ഇന്ത്യ 5.2 ഓവറിൽ ഒരു വിക്കറ്റിന് 45 റൺസ് എടുത്തപ്പോൾ മഴ കളി തടസ്സപ്പെടുത്തി. ഒരു മണിക്കൂർ കാത്തു നിന്നെങ്കിലും മത്സരം പുന:രാരംഭിക്കാൻ കഴിയാത്തതിനാൽ ഇന്ത്യ 19 റൺസിന് വിജയിച്ചതായി മാച്ച് റഫറി പ്രഖ്യാപിച്ചു.

ഇതോടെ അഞ്ച് മത്സര പരമ്പരയിൽ ഇന്ത്യ 2-0 ന് മുന്നിലായി. മൂന്നാം മത്സരം നാളെ നടക്കും.

✪✪✪

കണ്ണൂരിൽ സൂപ്പർ ലീഗ് ഫുട്ബോളിൽ ഏകപക്ഷീയമായ 2 ഗോളുകൾക്ക് പയ്യന്നൂർ കോളേജ് കണ്ണൂർ ജില്ലാ പോലീസിനെ പരാജയപ്പെടുത്തി.

മറ്റൊരു മത്സരത്തിൽ ഏകപക്ഷീയമായ 4 ഗോളുകൾക്ക് സ്പോർട്സ് ഡെവലപ്മെൻറ് ട്രസ്റ്റ്, ജൂനിയർ റെഡ്സ്റ്റാർ കണ്ണൂരിനെ പരാജയപ്പെടുത്തി.

ഇന്ന് ലക്കി ബോയ്സ് കണ്ണൂർ, ലക്കി സ്റ്റാർ ക്ലബ് കണ്ണൂരുമായും, കൂത്തുപറമ്പ് ബ്രദേഴ്സ് കണ്ണൂർ ജിംഖാന ഫുട്ബോൾ ക്ലബ്ബുമായും ഏറ്റുമുട്ടും.

✪✪✪

ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി സ്ഥിരീകരിച്ച അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് വാർഡ് ഏഴ്, എടത്വാ ഗ്രാമപഞ്ചായത്ത് വാർഡ് പത്ത്, തകഴി ഗ്രാമപഞ്ചായത്ത് വാർഡ് നാല് എന്നിവിടങ്ങളിൽ വളർത്തുപക്ഷികളെ കൂട്ടത്തോടെ കൊന്നൊടുക്കുന്ന പ്രവർത്തനങ്ങൾ ഇന്നലെ രാത്രി പൂർത്തിയാക്കി. ഇരുപതിനായിരത്തോളം പക്ഷികളെയാണ് നശിപ്പിച്ചത്.

✪✪✪

CPIM തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ ഒരു കോടി രൂപ ആദായ നികുതി വകുപ്പ് പിടിച്ചെടുത്തു. പണത്തിന്റെ ഉറവിടം CPIM-ന് വ്യക്തമാക്കാനായില്ലെന്ന് ആദായ നികുതി വകുപ്പ് അറിയിച്ചു. തൃശൂരിലെ ബാങ്ക് ഓഫ് ഇന്ത്യ ശാഖയിൽ നിക്ഷേപിക്കാൻ കൊണ്ടുവന്ന തുകയാണ് പിടിച്ചെടുത്തത്. സംഭവത്തിൽ പാർട്ടി ജില്ലാ സെക്രട്ടറി M.M വർഗീസിന്റെ മൊഴിയെടുത്തിട്ടുണ്ട്.

✪✪✪

BJP നേതാവ് ശോഭാ സുരേന്ദ്രൻ, KPCC അധ്യക്ഷൻ കെ സുധാകരൻ, ദല്ലാൾ നന്ദകുമാർ എന്നിവർക്കെതിരെ LDF കൺവീനറും CPIM കേന്ദ്രകമ്മറ്റിയംഗവുമായ E.P ജയരാജൻ വക്കീൽ നോട്ടീസ് അയച്ചു.

ആരോപണങ്ങൾ പിൻവലിച്ച് ഉടൻ മാധ്യമങ്ങളിലൂടെ മാപ്പ് പറയാത്ത  പക്ഷം, സിവിൽ-ക്രിമിനൽ നിയമ നടപടികൾക്ക് വിധേയരാകണമെന്നും രണ്ടുകോടി രൂപ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടാണ് നോട്ടീസ്.

✪✪✪

മസാല ബോണ്ട് കേസിൽ മുൻമന്ത്രി ഡോ. T.M തോമസ് ഐസക്കിനെ വിളിച്ചു വരുത്തുന്നത് തടഞ്ഞ സിംഗിൾ ബെഞ്ച് ഉത്തരവ് ചോദ്യംചെയ്ത് E.D സമർപ്പിച്ച അപ്പീൽ ഹൈക്കോടതി ഡിവിഷൻ ബെഞ്ച് ഈ മാസം 20ന് പരിഗണിക്കാനായി മാറ്റി. ലോക്സഭാ തിരഞ്ഞെടുപ്പിൽ പത്തനംതിട്ടയിൽ സ്ഥാനാർത്ഥിയായതിനാൽ വിളിച്ചുവരുത്തേണ്ടതില്ലെന്ന് സിംഗിൾ ബെഞ്ച് ഉത്തരവിട്ടിരുന്നു. ഇതിനെതിരെയാണ് E.D ഡിവിഷൻ ബെഞ്ചിനെ സമീപിച്ചത്.

✪✪✪

ചട്ടമ്പിസ്വാമി സമാധി ശതാബ്ദി ആചരണ സമാരംഭ സഭയ്ക്കും പന്മന ആശ്രമതീർത്ഥാടനത്തിനും ഇന്ന് തുടക്കമാകും. ആചരണത്തിന്റെ ഭാഗമായ മഹാഗുരു ജ്യോതി പ്രയാണം ഇന്നലെ പന്മന ആശ്രമത്തിലെത്തി. ശതാബ്ദി ആചരണ സമാരംഭസഭ രാവിലെ കേന്ദ്ര സഹ മന്ത്രി രാജീവ് ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും.

✪✪✪

ഇടപ്പള്ളി സെന്റ് ജോർജ് ഫൊറോന പള്ളിയിൽ തിരുനാളിൽ പങ്കെടുക്കാനെത്തുന്നവർക്കായി കൊച്ചി മെട്രോ

സർവ്വീസ്  വെള്ളിയാഴ്ച മുതൽ 11-ാം തീയതി വരെ സർവ്വീസ് സമയം നീട്ടി. ഈ ദിവസങ്ങളിൽ ഇടപ്പള്ളി മെട്രോ സ്റ്റേഷനിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും  അവസാന ട്രെയിൻ സർവ്വീസ് രാത്രി 11 മണിക്ക് ആയിരിക്കും.

✪✪✪

തിരുവനന്തപുരം - ഷോർണൂർ വേണാട് എക്സ്പ്രസ് ഇന്നു മുതൽ എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷൻ ഒഴിവാക്കി എറണാകുളം ടൗൺ  സ്റ്റേഷൻ വഴി സർവീസ് നടത്തും. എറണാകുളം ടൗൺ സ്റ്റേഷനിൽ ട്രെയിൻ 5 മിനിറ്റ് നിർത്തും.

✪✪✪

മാനന്തവാടി പാണ്ടിക്കടവ് പാലത്തിന് സമീപം കബനി പുഴയിൽ യുവാവ് മുങ്ങി മരിച്ചു. കല്ലോടി കൂളിപ്പൊയിൽ കോളനിയിലെ  ഉണ്ണിയാണ് മരിച്ചത്.

✪✪✪

സംസ്ഥാനത്ത് കഴിഞ്ഞ  മാസത്തെ റേഷൻ വിതരണം മറ്റന്നാൾ വരെ നീട്ടി. ഈ  മാസത്തെ റേഷൻ വിതരണം തിങ്കളാഴ്ച  ആരംഭിക്കും.  4,5 തീയതികളിൽ റേഷൻ കടകൾക്ക്  അവധിയായിരിക്കുമെന്ന്  പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ  അറിയിച്ചു.

✪✪✪

ഈ വർഷത്തെ പത്മിനി പുരസ്കാരം ചിത്രകാരനും, ആർട്ട് ഡയറക്ടറും, സംവിധായകനുമായ നേമം പുഷ്പരാജിന്

**ലഭിച്ചു. 25,000 രൂപയും ഫലകവും പ്രശസ്തിപത്രവുമടങ്ങുന്ന പുരസ്ക്കാരം 12 ന് തൃശൂരിൽ സമ്മാനിക്കും.**